**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 147** **09-12-2022 - ൽ മറുപടിയ്ക്ക്**

**കേരള സർവകലാശാലയിൽ അന്തർദേശീയ പഠന ഗവേഷണകേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ . കെ .ഡി .പ്രസേനൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതിയ്ക്കും നവീകരണത്തിനുമുതകുന്ന ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സ്വീകരിച്ചുവരുന്ന നടപടികളെന്തെല്ലാമെന്നും തുടർ ഗവേഷണത്തിന് ഫെല്ലോഷിപ്പ് നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ; | (എ) | സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതിയ്ക്കും നവീകരണത്തിനുമുതകുന്ന ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ സർവ്വകലാശാലകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് .വിഷയാധിഷ്ഠിതമായി ഗവേഷണത്തിന് പ്രോത്സാഹനം നൽകുന്നതിന് മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾ ഏർപ്പെടുത്തുകയും ആദ്യഘട്ടത്തിൽ 77 ഫെല്ലോഷിപ്പുകൾ നൽകുകയും ചെയ്തിട്ടുണ്ട് .<br><br>**കേരള സർവകലാശാല**യിൽ ഗവേഷണത്തെ പ്രോത്സാഹിപ്പിക്കാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ഗവേഷണ ഫണ്ടിംഗ്, ഗവേഷണ പ്രവർത്തനങ്ങൾ എന്നിവ പരിഗണിച്ച് അധ്യാപകർക്ക് റിസർച്ച് അവാർഡുകൾ നൽകി വരുന്നു.<br><br>ഗവേഷണ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു.<br><br>പേറ്റൻറ് ഫയലിംഗ്, പേറ്റൻറ് മെയിൻറനൻസ് മുതലായവയ്ക്ക് സാമ്പത്തിക സഹായം നൽകി വരുന്നു.<br><br>മുഴുവൻ ഗവേഷകർക്കും റിസർച്ച് ഫെല്ലോഷിപ്പ് നൽകി വരുന്നു. |

സർവകലാശാലാതലത്തിൽ പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് നൽകി വരുന്നു. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 20000/- രൂപ നിരക്കിലാണ് ഫെല്ലോഷിപ്പ് നൽകുന്നത്.

മേൽപ്പറഞ്ഞ നടപടികൾക്ക് പുറമെ ഗവേഷണത്തെ ശക്തിപ്പെടുത്തുന്നതിനായി സർവ്വകലാശാല തലത്തിൽ റിസർച്ച് ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ട്. Kerala University Business Incubation and Innovation Centre മുഖേനയും വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു.

**കണ്ണൂർ** സർവ്വകലാശാലയിൽ ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അർഹരായ ഗവേഷണവിദ്യാർത്ഥികൾക്ക് സർവ്വകലാശാല ഫണ്ടിൽ നിന്നും മൂന്ന് വർഷംവരെ മാസം പതിനായിരം രൂപ നിരക്കിൽ യൂണിവേഴ്സിറ്റി ഫെല്ലോഷിപ്പ് നൽകുന്നുണ്ട്.

**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ** ഗവേഷണ വിഷയങ്ങളിലെ സഹകരണം ഉദ്ദേശിച്ച് ചെന്നൈയിലെ അഡയാർ ലൈബ്രറിയുമായി ധാരണപത്രം ഒപ്പുവച്ചിട്ടുണ്ട്. അത്യപൂർവ്വങ്ങളായ താളിയോലകൾ കണ്ടെത്തി സംരക്ഷിക്കുന്ന പദ്ധതികൾ നടന്നുവരുന്നു. **എ.പി.ജെ** അബ്ദുൽ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാലയിൽ 2022-23 അക്കാദമിക വർഷം മുതൽ ഓരോ വർഷവും രജിസ്റ്റർ ചെയ്ത 100 ഗവേഷണ വിദ്യാർഥികൾക്ക് ഫെല്ലോഷിപ്പ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട് കൂടാതെ, N.D.F, U.G.C, CSIR-JRF ഫെല്ലോഷിപ്പുകളും, AICTE ഡോക്ടറൽ ഫെല്ലോഷിപ്പും, സംസ്ഥാന സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ ഫെല്ലോഷിപ്പും, KSCSTE ഫെല്ലോഷിപ്പും നേടിയ വിദ്യാർത്ഥികൾ സർവകലാശാല അംഗീകരിച്ച വിവിധ സ്ഥാപനങ്ങളിൽ ഗവേഷണം നടത്തുന്നുണ്ട്.

**കാലിക്കറ്റ് സർവ്വകലാശാലയിൽ** വിവിധ പഠന വകുപ്പുകളിൽ 10 പോസ്റ്റ് ഡോക്ടറേറ്റ് ഫെല്ലോഷിപ്പുകൾ നൽകുന്നുണ്ട് . ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സർവ്വകലാശാലയിലെ പഠന

| | | | |
|---|---|---|---|
| | | | വകുപ്പുകളിലെ Ph.D ഗവേഷക വിദ്യാർത്ഥികൾക്ക് 11000/- രൂപയും (JRF) 13000/- രൂപയും ( SRF) എന്ന നിരക്കിൽ ഫെല്ലോഷിപ്പ് തുക 4 വർഷത്തേയ്ക്ക് അനുവദിച്ചുവരുന്നു.<br><br>**എം. ജി.** സർവ്വകലാശാലയിൽ ERUDITE പ്രോഗ്രാമിന്റെ ഭാഗമായി ഇന്ത്യക്കകത്തും പുറത്തുമുള്ള പ്രഗത്ഭരായ ശാസ്ത്രജ്ഞരെ സർവ്വകലാശാലയിലേയ്ക്ക് ക്ഷണിച്ച് വരുത്തി വിദ്യാർത്ഥികൾക്കും അധ്യാപകർക്കും സംവാദത്തിനു അവസരം നൽകുന്നുണ്ട് .Nobel Laurate Visiting Programme മുഖേന നോബൽ ജേതാക്കളായ ശാസ്ത്രജ്ഞന്മാരുടെ പ്രഭാഷണങ്ങളും നടത്തി വരുന്നു |
| (ബി) | കേരള സർവകലാശാലയിൽ അന്തർ ദേശീയ പഠന ഗവേഷണകേന്ദ്രം സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലകളിലാണ് പഠന സൗകര്യമൊരുക്കുന്നത്; വിശദാംശം നൽകുമോ? | (ബി) | കേരള സർവകലാശാലയിൽ *Thanu Padmanabhan Centre for Excellence in Astronomy and Astrophysics* എന്ന സെൻറർ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട് .<br><br>*International and Inter University Centre for Natural Resource Management, International Centre for Kerala Studies, International Centre for Marxian Studies and Research, Centre for Australian Studies, Centre for Canadian Studies, International Centre for Sreenarayana Guru Studies, Centre for Latin American Studies* തുടങ്ങിയവയും കേരള സർവ്വകലാശാലയിൽ പ്രവർത്തിച്ചുവരുന്നു.<br><br>ഇതുകൂടാതെ കേന്ദ്ര കേരള സർക്കാരുകളുടേയും യുജിസിയുടേയും അനുമതിക്ക് വിധേയമായി പ്രവാസികൾക്കും കുടുംബങ്ങൾക്കും സർവ്വകലാശാല പഠന ഗവേഷണ അവസരങ്ങൾ നേരിട്ട് ലഭ്യമാക്കാനാകുന്ന തരത്തിൽ യു.എ.ഇ , കുവൈറ്റ് തുടങ്ങിയ വിദേശരാജ്യങ്ങളിൽ സർവ്വകലാശാല നേരിട്ട് നടത്തുന്ന പഠനഗവേഷണ കേന്ദ്രങ്ങൾ തുടങ്ങുന്നതിലേയ്ക്കായി സർവ്വകലാശാലയുടെ 2022-23 ബഡ്ജറ്റിൽ 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ